# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 10/651/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/09/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 10/651/2021 തീയ്യതി: 29/09/2021

## ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-09-2019 മുതൽ 03-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി. സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2021 | 03-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2021 | 03-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുസനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ
ശ്രീ.സജിമോൻ വി.ജി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.മരുൺ മാത്യു,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനീറ്റ പി.സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.ബെന്നി മാത്യു, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ.എബി എബ്രഹാം, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.മായ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീബ രാജശേഖരൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഭരണനിർവ്വഹണ കമ്മറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| ശ്രീമതി.ഇന്ദു ബിജു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.പി.എം.അബ്ദുൾ സമദ് | സെക്രട്ടറി | 01-04-2020 | 20-06-2020 |
| ശ്രീ.ഗിരീഷ് വി.ജെ | സെക്രട്ടറി | 21-06-2020 | 14-09-2020 |
| ശ്രീമതി.സെറീന പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-09-2020 | 30-09-2020 |
| ശ്രീ.എം.വി.അജയകുമാർ | സെക്രട്ടറി | 01-10-2020 | 05-01-2021 |
| ശ്രീമതി.സെറീന പി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-01-2021 | 11-02-2021 |
| ശ്രീ.എം.വി.അജയകുമാർ | സെക്രട്ടറി | 12-02-2021 | 17-02-2021 |
| ശ്രീ.സുരേഷ് എം.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ആദർശ് പി.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.രാഹുൽ രാഘവൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 08-02-2021 |
| ഡോ.ചിന്റുു ടോജൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 09-02-2021 | 31-03-2021 |
| ഡോ.ജിൻസി ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 13-07-2020 |
| ഡോ.ആര്യ അൽഫോൺസ് | വെറ്ററിനറി സർജൻ | 14-07-2020 | 31-03-2021 |
| ഡോ.നിഷമോൾ | ആയൂർവ്വേദം,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശരത്ത് സി.എം | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ഡോ.രേഷ്മ ദത്ത് | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വതി ദേവ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.അലീന ജോർജ്ജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 19-11-2020 |
| | | 20-11-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു ബി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | | |
| ശ്രീ.സജി കെ.എസ് | ഹെഡ്മാസ്ററർ | 01-04-2020 | 21-06-2020 |
| ശ്രീമതി.ബീനാ ജോസഫ് | ഹെഡ്മിസ്ട്രസ് | 22-06-2020 | 31-03-2021 |
| ശ്രീ.സുധീഷ് | ഡയറി എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Marun Mathew (Asst. Audit Officer, On 02-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Marun Mathew (Asst. Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Marun Mathew (Asst. Audit Officer, On 02-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 24-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Susaniamma Thomas (Audit Officer, On 02-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 28-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 01-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Marun Mathew (Asst. Audit Officer, On 02-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-11 |
| 12 | വസ്തു നികുതിക്കണക്കിലെ അപാകതകൾ<br>Written By: Maya Krishnan (Auditor, On 29-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-12 |
| 13 | ബി.എസ്.എൻ.എൽ-ന് നല്കിയ പാട്ട ഭൂമിയുടെ 2020-21 വർഷത്തെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.<br>Written By: Maya Krishnan (Auditor, On 03-08-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 27-09-2021) | 1-13 |
| 14 | ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: V G Sajimon (Audit Officer, On 03-08-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 01-09-2021) | 1-14 |
| 15 | ഓവർഹെഡ് ചാർജ് / GST നഷ്ട പരിഹാരം നല്കൽ സമ്പ്രദായങ്ങൾ പഞ്ചായത്തുകൾക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു.<br>Written By: V G Sajimon (Audit Officer, On 03-08-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 29-09-2021) | 1-15 |
| 16 | വികലമായ വികസനപരിപ്രേക്ഷ്യം - പ്രഖ്യാപിത ലക്ഷ്യങ്ങൾ വിദൂരതയിൽ<br>Written By: V G Sajimon (Audit Officer, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 31-08-2021) | 1-16 |
| 17 | പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-17 |

| | | |
|---|---|---|
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 31-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-18 |
| 19 | അസി.എൻജിനിയറുടെ പ്രോജക്ട് ഫയൽ സൂക്ഷിപ്പ് അഭിനന്ദനാർഹം<br>Written By: V G Sajimon (Audit Officer, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-19 |
| 20 | തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 30-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-20 |
| 21 | ദുരിതാശ്വാസ നിധി-ലക്ഷ്യം നിറവേറ്റുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 01-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-21 |
| 22 | എച്ച്. എം.സി. വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 1-22 |
| 23 | പ്രൊക്യുർമെന്റ് കമ്മിറ്റി<br>Written By: Susaniamma Thomas (Audit Officer, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-23 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സം ₹100,000/-<br>Written By: Eby Abraham (Senior Grade Auditor, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി അവലോകനം<br>Written By: Eby Abraham (Senior Grade Auditor, On 03-08-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 1-25 |
| 26 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 15-09-2021)<br>Last Updated By: Sajitha K. (Computer Assistant, On 24-09-2021) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: Anitta P Samuel (Asst. Audit Officer, On 27-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 4-4 |
| 5 | വായ്പ വായ്പാതിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 27-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 31-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| | Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Susaniamma Thomas (Audit Officer, On 29-07-2021)<br>Last Updated By: C R Beenakumary (Deputy Director, On 27-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 26-07-2021)<br>Last Updated By: Sajitha K. (Computer Assistant, On 29-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

ഭാഗം -1

1-1 ബജറ്റ്.

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് 24.03.20 ലെ 1(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പുതുക്കിയ ബജറ്റ് 24.02.21 ലെ 6(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

# നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

സ്ഥാപനത്തിന്റെ നികുതി ഇനങ്ങളുടെ വരവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റിന്റേയും യഥാർത്ഥത്തിലുള്ളതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഇനം | 2020-21 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ വരുമാനം (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
| --- | --- | --- | --- |
| വസ്തു നികുതി | 1800000 | 19444386 | 1444386 |
| തൊഴിൽ നികുതി | 1000000 | 849920 | 150080 |

# റവന്യൂ ചെലവ് സംബന്ധിച്ച ബജറ്റ് എസ്റ്റിമേറ്റ്

| ഇനം | 2020-21 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ചെലവ് (ഇൻകം സ്റ്റേറ്റുമെന്റ് പ്രകാരം) | വ്യതിയാനം |
| --- | --- | --- | --- |
| ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ | 9489000 | 9176192 | 312808 |
| ഭരണ ചെലവുകൾ | 1269880 | 1193431 | 76449 |
| സംരക്ഷണവും നടത്തിപ്പും | 3188000 | 1664125 | 1523875 |
| പലിശ അനുബന്ധ ചെലവുകൾ | 2000 | 28993 | 26993 |

പലിശ അനുബന്ധ ചെലവുകൾ ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ 26993അധികരിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും 214(1) 6 പ്രകാരം അനിവാര്യമായ അടിയന്തിര സാഹചര്യങ്ങളിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു തുകയും ചെലവാക്കുവാൻ പാടില്ലാത്തതാണ്. ബജറ്റ് തയ്യാറാക്കിയതിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. റവന്യൂ ചെലവുകളാവട്ടെ ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവാണെന്ന

കാണുന്നു. സ്ഥാപനത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന ആധികാരിക രേഖയെന്ന നിലയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ സ്ഥാപനം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.07.2021 | | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29948807 |
| വരവ് | 80230965 |
| ആകെ | 110179772 |
| ചെലവ് | 89015138 |
| നീക്കിയിരിപ്പ്- | 21164634 |

## 1-4 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് | നിക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് –ജനറൽ (ACR പ്രകാരം) | | 11960377 | 11960377 | 11960377 | 0 |
| വികസന ഫണ്ട് – എസ്.സി.പി (ACR പ്രകാരം) | | 2875655 | 2875655 | 2356620 | 519035 |
| വികസന ഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | - | 11230066 | 11230066 | 9870620 | 1359446 |
| മെയിന്റനൻസ് - റോഡ് (ACR പ്രകാരം) | - | 5189000 | 5189000 | 5189000 | |
| മെയിന്റനൻസ് - നോൺറോഡ് (ACR പ്രകാരം) | - | 3829867 | 3829867 | 3816262 | 13605 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 10926918 | 10926918 | 9390472 | 1536446 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ- പെർഫോമൻസ് ഗ്രാന്റ് (ACR പ്രകാരം) | | 5400000 | 5400000 | 3259070 | 2140930 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | | 42942201 | 42942201 | 42942201 | |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7531 | 3512275 | 3519806 | 3517279 | 2527 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ്. | 1039430 | 809694 | 1849124 | 600000 | 1249124 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 2199249 | 1993115 | 4192364 | 1438274 | 2754090 |
| കോർപ്പസ് ഫണ്ട് | 2711813 | - | 2711813 | 18010 | 2693803 |
| വെസ്റ്റേൺ ഗാട്ട് | | | | | |
| രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി | 11820 | 899579 | 911399 | 911399 | |
| കലുങ്ക് നിർമ്മാണ പദ്ധതി-എസ്.റ്റി. | 3466872 | - | 3466872 | 1310316 | 2156556 |
| ജലനിധി | 1096885 | 33627 | 1130512 | 25446 | 1105066 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്ത് | 2674658 | 30000 | 2704658 | 1978860 | 725798 |
| ജില്ലാപഞ്ചായത്ത് | 71969 | 675000 | 746969 | 71261 | 675708 |
| ലൈഫ് -സ്റ്റേറ്റ് ഷെയർ | 51703 | 5221012 | 5272715 | 5101012 | 171703 |
| ജൽജീവൻ മിഷൻ | - | 59 | 59 | - | 59 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 299 | 211082283 | 246 | 62254186 | 0 | 53 | 82.27 |

നിർവ്വഹണ ഉദ്യോഗസ്ഥർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ | ചെലവ് | നടപ്പിലാക്കാത്ത പദ്ധതികൾ | ശതമാനം |
|---|---|---|---|---|---|---|
| 1.സെക്രട്ടറി | 48 | 43 | 11342263 | 9654056 | 5 | 85.11 |
| 2.അസി.എൻജി | 154 | 115 | 35162469 | 22701981 | 39 | 64.56 |
| 3.വെറ്ററിനറി സർജൻ | 9 | 9 | 4444050 | 1729750 | - | 38.92 |
| 4.കൃഷി ഓഫീസർ | 11 | 11 | 2635704 | 1658968 | - | 62.94 |
| 5. ഐ സി ഡി എസ് | 14 | 11 | 4538979 | 3075831 | 3 | 67.76 |
| 6. എം.ഒ സിഎച്ച് സി | 8 | 8 | 1823368 | 1823091 | - | 99.98 |
| 7. വി.ഇ.ഒ | 32 | 29 | 143395580 | 17885234 | 3 | 12.47 |
| 8.എം.ഒ | 4 | 4 | 672966 | 671961 | - | 99.85 |

| | | | | | | |
|---|---|---|---|---|---|---|
| ആയുർവ്വേദം | | | | | | |
| 9.ഹെഡ്മാസ്റ്റർ | 9 | 8 | 1707870 | 1235870 | 1 | 72.36 |
| 10.ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 2827014 | 1527034 | - | 54 |
| 11.എം.ഒ ഹോമിയോ | 5 | 5 | 291000 | 290410 | - | 99.79 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 0 | 2241000 | 0 | 2 | - |
| ആകെ | 299 | 246 | 211082283 | 62254186 | 53 | 82.27 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7531 | 3512275 | 3519806 | 3517279 | 2527 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 42942201 | 42942201 | 42942201 | 0 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 28800 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 1999500 | 142 |
| വിധവാപെൻഷൻ | 9980900 | 657 |
| വാർദ്ധക്യകാലപെൻഷൻ | 30220000 | 2413 |
| വികലാംഗപെൻഷൻ | 4294700 | 293 |
| അവിവാഹിതർക്കുള്ള പെൻഷൻ | 839800 | 54 |

1-7-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും

പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

<u>1-8 ക്യാഷ് പരിശോധന</u>

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.07.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9590/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

<u>1-9 ആഭ്യന്തരനിയന്ത്രണം</u>

ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തി വരുന്നില്ല. ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമതിയും ജാഗ്രത പുലർത്തേണ്ടതാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യുർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യുർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുണ്ട്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 12.07.2021 മുതൽ 23.07.2021 | 01.01.2020 മുതൽ | റിപ്പോർട്ട് |

| | | | |
|---|---|---|---|
| ഓഡിറ്റ് | വരെ | 30.06.2021വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2012 | 2007-08 മുതൽ 2011-12 വരെ | വിവരം ലഭ്യമല്ല |

1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1.വസ്തുനികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

2.തൻവർഷ കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

3.ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

4.ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തുക കണക്കാക്കിയതിനുള്ള വർക്ക്ഷീറ്റ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.

1-12 വസ്തു നികുതിക്കണക്കിലെ അപാകതകൾ

1. 2020-21 വർഷത്തെ സഞ്ചയ-സാംഖ്യ വസ്തുനികുതി കണക്കുകൾ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന വ്യത്യാസം കാണാൻ കഴിഞ്ഞു.

| വസ്തു നികുതി | സഞ്ചയ | | | സാംഖ്യ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടം (കുടിശിക) | 99109 | 74327 | 25264 | 128074 | 0 | 57287 |
| പാർപ്പിടം (തൻവർഷം) | 1143487 | 1011798 | 112435 | 1143487 | 968971 | 122560 |
| പാർപ്പിടേതരം (കുടിശിക) | 40806 | 28096 | 12764 | 59534 | 0 | 33254 |
| പാർപ്പിടേതരം (തൻവർഷം) | 800949 | 716624 | 68182 | 800949 | 708379 | 81325 |

2.മൊബൈൽ ടവറിന്റെ വസ്തു നികുതിക്കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ സൂചിപ്പിയ്ക്കുന്ന മൊബൈൽ ടവറിന്റെ വസ്തു നികുതികുടിശിക ഈടാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ടവറിന്റെ വിവരങ്ങൾ | വർഷം | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | ആകെ |
|---|---|---|---|---|
| എയർസെൽ ടവർ (ഡിഷ്നെറ്റ് വയർലെസ്) 5 /278 | 2019-20 | 1287 | 1286 | 2573 |
| | 2020-21 | 1287 | 1286 | 2573 |

| | |
|---|---|
| ആകെ | 5146/- |

കണക്കുകളിലെ വ്യത്യാസം പരിഹരിക്കുന്നതിനും വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 ബി.എസ്.എൻ.എൽ-ന് നല്കിയ പാട്ട ഭൂമിയുടെ 2020-21 വർഷത്തെ വാടക ഡിമാൻ്റ് ചെയ്ത് ഈടാക്കേണ്ടതാണ്.**

വെള്ളിയാമറ്റം പഞ്ചായത്ത് ഇളംദേശം 2-ാം വാർഡിൽ പഞ്ചായത്ത് ഉടമസ്ഥതയിൽ ഉള്ള സർവ്വേ നമ്പർ 33/3ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി ₹1080/- വാടക നിരക്കിൽ ബി.എസ്.എൻ.എൽ വക സെല്ലുലാർ ടെലിഫോൺ ടവറും ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി ഉപയോഗിച്ചിരുന്നു. ആയതിന്റെ 2020-21 വർഷം ഏപ്രിൽ മുതൽ വാടക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/30.7.2021 ന് പാട്ടക്കരാർ കാലാവധി 2020 ഫെബ്രുവരിയിൽ അവസാനിക്കുകയും നോട്ടീസ് നല്കിയിട്ടും കരാർ പുതുക്കാതിരിക്കുകയും ചെയ്തതിനാലാണ് വാടക ഈടാക്കാത്തതെന്നും കരാർ പുതുക്കി തുക ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ഹാജരാക്കി. വാടകക്കരാർ പുതുക്കി 2020-21 വർഷത്തെ വാടക ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

**1-14 ഈ-ടെൻഡർ ഫോം വില, നിരതദ്രവ്യം എന്നിവ ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല**

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി) 1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 10പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ ( ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില |
|---|---|---|
| 2020-21 | 10 | 70940 |

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

**1-15 ഓവർഹെഡ് ചാർജ് / GST നഷ്ട പരിഹാരം നല്കൽ സമ്പ്രദായങ്ങൾ പഞ്ചായത്തുകൾക്ക് വൻ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു.**

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ നിലവിൽ തയ്യാറാക്കുന്നത് PRICE LSGD എന്ന സോഫ്റ്റ് വെയർ മുഖേനയാണ്. ഇനങ്ങളുടെ നിരക്ക് നിർണയിക്കുവാൻ ആധാരമാക്കുന്നത് 2016-ലെ

ഡെൽഹി വില വിവരപ്പട്ടികയും (DSR) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിഷ്കർഷിക്കുന്ന സവിശേഷതകളും (MORD Specifications). ഗ്രാമപഞ്ചായത്തുകളുടെ മരാമത്തു പ്രവൃത്തികളിൽ സിംഹഭാഗവും റോഡ് നിർമാണ-നവീകരണപ്രവൃത്തികളായ ടാറിംഗ്, റീടാറിംഗ്, കോൺക്രീറ്റിംഗ്, ഐറിഷ് ഓട, സംരക്ഷണഭിത്തി, കലുങ്കുകൾ എന്നിവയുടെ നിർമാണം തുടങ്ങിയവയാണ്. ഇത്തരം നൂറു മുതൽ നൂറ്റിയൻപതു വരെ പ്രോജക്ടുകളാണ് ഓരോ വാർഷിക പദ്ധതിയുടെയും ഭാഗമാകുന്നത്. ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായിട്ടുള്ളത് 6 മീറ്റർ വരെ വീതിയുള്ള റോഡുകളുടെ നിർമാണവും നവീകരണവുമാണ്. എന്നാൽ ഏറിയ പങ്കും 3 മീറ്റർ വരെ വീതിയുള്ളവയാണ്. പ്രോജക്ടുകളുടെ ബാഹുല്യം, വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പ്, സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം ഫണ്ട് അലോട്ട്മെന്റിൽ വരുത്തുന്ന കുറവ്, തുടങ്ങിയ കാരണങ്ങളാൽ ഒരു റോഡ് നിർമാണ പ്രവൃത്തിക്ക് നിലവിൽ ഗ്രാമപഞ്ചായത്തുകൾക്ക് വകയിരുത്താൻ കഴിയുന്നത് പരമാവധി 5 ലക്ഷം രൂപ മാത്രമാണ്. DSR നിരക്ക് അവലംബമാക്കുന്നതിനു മുൻപ് 3 മീറ്റർ വീതിയുള്ള ഒരു റോഡ് 100 മീറ്റർ ടാറിംഗ് നടത്തുന്നതിന് 2 ലക്ഷം രൂപയും കോൺക്രീറ്റ് ചെയ്യുന്നതിന് 2.5 ലക്ഷം രൂപയും മതിയാകുമായിരുന്നു. എന്നാൽ DSR -നൊപ്പം അതത് സ്ഥലങ്ങളുടെ ഭൂമിശാസ്ത്രപരവും വാണിജ്യപരവുമായ പ്രത്യേകതകൾ പരിഗണിച്ച് അതിന്റെ 50 ശതമാനത്തോളം തുക വില സൂചികാമൂല്യമായും ( Cost Index ) 10 മുതൽ 20 ശതമാനം വരെ തുക ഓവർഹെഡ് ചാർജായും, 12 % രൂപ GST നഷ്ടപരിഹാരമായും കരാറുകാർക്ക് അനുവദിക്കുന്നതിനാൽ, നിലവിൽ അഞ്ചു ലക്ഷം രൂപ അടങ്കലുള്ള ഒരു പ്രോജക്ടിലൂടെ ഒരു റോഡിന്റെ 100 മീറ്റർ ടാറിംഗ്/ 100 മീറ്റർ കോൺക്രീറ്റിംഗ് വേല മാത്രമാണ് പൂർത്തീകരിക്കാൻ കഴിയുന്നത്.

മോർഡ് (MORD ) സ്പെസിഫിക്കേഷനെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ സ്റ്റാന്റേഡ് ഡാറ്റാ ബുക്ക് പ്രകാരമുള്ള ഡാറ്റായെ അടിസ്ഥാനപ്പെടുത്തിയാണ് PRICE LSGD സോഫ്റ്റ് വെയറിൽ മോർഡ് പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കുന്നത്. സ്റ്റാന്റേഡ് ഡാറ്റാ ബുക്ക് തയ്യാറാക്കുന്നതിന് അവലംബമാക്കിയ അടിസ്ഥാന സമീപനവും പൊതു മാനദണ്ഡങ്ങളും വ്യക്തമാക്കുന്ന (ബേസിക് അപ്രോച്ച് & ജനറൽ കണ്ടീഷൻസ് ആന്റ് അസംപ്ഷൻസ് ഫോർ ദ പ്രിപ്പറേഷൻ ഓഫ് സ്റ്റാന്റേർഡ് ഡാറ്റാ ബുക്ക്) ആമുഖ ഖണ്ഡിക 4-ൽ വിവിധ ഇനങ്ങളുടെ നിരക്കുകളിൽ 10% ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തിയതിന്റെ സാഹചര്യം വിവരിക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പണികൾക്ക് 20%വും ഓവർ ഹെഡ്സ് ചാർജ്ജ് കണക്കാക്കിയത് 17ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചു കൊണ്ടാണെന്ന് ഖണ്ഡിക 4-ൽനിന്ന് വ്യക്തമാണ്. ബൃഹത്തായ റോഡ് നിർമാണപ്രവൃത്തികൾക്ക് ബാധകമായ മുന്നൊരുക്ക പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതും ഗ്രാമപഞ്ചായത്ത് നിലവിൽ ഏറ്റെടുക്കുന്ന 100 മീറ്റർ റോഡ് നിർമാണം പോലുള്ള നാമമാത്ര പ്രവൃത്തികൾ പരിഗണിക്കുമ്പോൾ തീർത്തും അപ്രസക്തവുമായ ചില ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1.പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം , വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്.

2.സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്.

3. ലേബർ നിയമപ്രകാരമുള്ള ചുരുങ്ങിയ തോതിലുള്ള ലേബർ ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്.

4.മേൽ നോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

5. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്.

6.വാച്ച് & വാർഡ് ഏർപ്പെടുത്തുന്നതിനുള്ള ചെലവ്.

7. നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ്.

അവശേഷിക്കുന്ന ഇനങ്ങളിൽ മിക്കതിലും ഭാഗിക ചെലവോ ചെലവുതന്നെ ഇല്ലാത്തതായോ കാണാം. 17-ാം ഇനമായി സൂചിപ്പിച്ച സെയിൽസ്/ടേൺ ഓവർ ടാക്സ് ഇനത്തിൽ വരുന്ന ചെലവാണ് കേവലം 100 മീറ്റർ റോഡ് നിർമാണം പോലുള്ള ചെറിയ പ്രവൃത്തികളെ സംബന്ധിച്ചിടത്തോളം കരാറുകാരന് വരുന്ന യഥാർത്ഥ ചെലവ്. ഒരു റോഡിന്റെ പൂർണ്ണമായ നിർമ്മാണമോ അറ്റകുറ്റപ്പണിയോ അടങ്ങുന്ന വലിയ പ്രൊജക്ടുകളുടെ കാര്യത്തിലാണ് ഡാറ്റാ ബുക്കിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഒരുക്കേണ്ട സാഹചര്യവും ഇതുവഴിയുള്ള ചെലവുകളും കരാറുകാരന് വരാനുള്ള സാധ്യത. എന്നാൽ ഗ്രാമപഞ്ചായത്തുകളുടെ സവിശേഷ സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതാണെന്നതും ഇത്തരം റോഡുകൾ തന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രൊജക്ട് കോസ്റ്റ് മാത്രമാണ് വരുന്നതെന്നതും മേല്പറഞ്ഞ ചെലവുകൾ കരാറുകാരന് വരാനുള്ള സാധ്യത ഇല്ലാതാക്കുന്നു. ഇത്തരം ചെലവുകൾ വരാതെയും അതുവഴി ഇതിന്റെ ഗുണഫലം സ്ഥാപനത്തിന് ലഭിക്കാതേയും ഇവയ്ക്കുള്ള പരിഹാരതുക പൂർണ്ണതോതിൽ കരാറുകാരന് നല്കുന്നത് അനർഹമായ തുക നല്കലാണ്. PRICE LSGD സോഫ്റ്റ് വെയർ മുഖേന തന്നെ തയ്യാറാക്കുന്ന MORTH സ്പെസിഫിക്കേഷനിലുള്ള റോഡ് നിർമ്മിതികൾക്ക് 5% മാത്രമാണ് ഓവർ ഹെഡ്സ് ചാർജ്ജ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് 2019-20 , 2020-21വർഷങ്ങളിൽ 100 മീറ്ററിൽ അധികം ദൈർഘ്യമുള്ള ഒരു റോഡ് പോലും നിർമിച്ചിട്ടില്ലായെന്ന കാര്യം പ്രത്യേകം കാണേണ്ടതാണ്. (ഇതു സംബന്ധമായ വിശദ പരാമർശങ്ങൾ ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക.). മേൽ സാഹചര്യത്തിൽ വസ്തുതകൾ വിലയിരുത്താതെ കരാറുകാർക്ക് OHC ഇനത്തിൽ തുക നല്കുന്നത് പഞ്ചായത്തുഫണ്ടിന് വൻബാധ്യത സൃഷ്ടിക്കുന്നു.

ധനകാര്യവകുപ്പിന്റെ 01.03.2019 ലെ 18/2019 നമ്പർ സർക്കുലറിലെ ഖണ്ഡിക നമ്പർ 6-ൽ പരാമർശിക്കുന്ന വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് കണക്കാക്കേണ്ടത് ജി.എസ്.റ്റി ഒഴിവാക്കിയാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന എസ്റ്റിമേറ്റിൽ പ്രവൃത്തിയിലെ ഇനങ്ങൾക്ക് ബാധകമായ GST-യ്ക്കുള്ള തുക കരാറുകാരന് പ്രതിഫലത്തിനൊപ്പം നഷ്ടപരിഹാരമായി അനുവദിച്ച നൽകുന്നതിന് Lumpsum ആയി തുക വകയിരുത്തി വേണം ആകെ പ്രോജക്ട് അടങ്കൽ നിശ്ചയിക്കേണ്ടത്. ( പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 8 കാണുക) . അതിൻപ്രകാരം GST-യ്ക്കായി പ്രോജക്ട് അടങ്കലിൽ പ്രത്യേകമായി വ്യവസ്ഥ നൽകുമ്പോൾ കരാറുകാരന് നികുതിയിനത്തിൽ യാതൊരു ചെലവും വരുന്നില്ല.

26.03.2019 ലെ D83/9058/2017/CE/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം PRICE LSGD സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ജി.എസ്.റ്റി. നഷ്ടപരിഹാരത്തിനായി 12% തുക പ്രത്യേകമായി

ഉൾപ്പെടുത്തിയാണ് 2019-20 മുതൽ പ്രോജക്ടുകൾ നടപ്പാക്കി വരുന്നത്.

പത്തു മുതൽ ഇരുപതു ശതമാനം വരെയുള്ള ഓവർ ഹെഡ്ഡ് ചാർജ്ജിലെ 4% തുക, സെയിൽസ് (ഇപ്പോൾ GST) / ടേൺ ഓവർ ടാക്സ് ചെലവിനു വേണ്ടി നീക്കിവച്ചിട്ടുള്ളതാണ്.( മുൻഖണ്ഡികയിലെ പരാമർശം കാണുക.). ഒരിക്കൽ ഇപ്രകാരം തുക നീക്കിവച്ചതിനുശേഷം അതേ ചെലവിനുവേണ്ടി അടങ്കലിൽ പ്രത്യേക പ്രൊവിഷൻ ഉൾപ്പെടുത്തുമ്പോൾ കരാറുകാരന് ആയിനത്തിൽ വൻതുക അധികമായി ലഭിക്കുന്നു. രണ്ടു ശതമാനം തുക TDS ആയി വസൂലാക്കുന്നതിനാൽ 10 ശതമാനം തുക പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അധികച്ചെലവാണ്. പ്രതിവർഷം നൂറിലധികം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന ഓരോ ഗ്രാമപഞ്ചായത്തുകൾക്കും ഈയിനങ്ങളിൽ ഓരോ വർഷവും നഷ്ടമാക്കുന്നത് ലക്ഷക്കണക്കിനു രൂപയാണ്.

| ക്രമ നം. | സാമ്പത്തിക വർഷം | ആസൂത്രണം ചെയ്ത മരാമത്ത് പ്രവൃത്തികൾ | നടപ്പാക്കിയവ | ആകെ അടങ്കൽ | ആകെ ചെലവ് | 4% OHC ഇനത്തിൽ അധികചെലവ് (ഏകദേശം) (ആകെ ചെലവ് തുക X 4 %) (തുക ആയിരത്തിന്റെ ഗുണിതങ്ങളിൽ) |
|---|---|---|---|---|---|---|
| 1 | 2019-20 | 114 | 55 | 27218510 | 11167849 | 447000 |
| 2 | 2020-21 | 154 | 115 | 35162469 | 22701981 | 908000 |
| | ഇരു വർഷങ്ങളിലുമായി അധികം ചെലവഴിച്ച തുക (ഏകദേശം ) | | | | | 1355000 |

ഓരോ വർഷവും ഭീമമായ നഷ്ടം ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്നുവെന്ന് മേൽസൂചിത പട്ടികയിൽനിന്ന് വ്യക്തമാണ്. ആകയാൽ MORD Specification പ്രകാരമുള്ള OHC-യിൽ ഉൾപ്പെടുന്നGSTഒടുക്കുന്നതിനുള്ള 4% വിഹിതവും GST നഷ്ടപരിഹാരമായി 10%-ഉം (12% - 2%TDS) ഒന്നിച്ച് കരാറുകാർക്ക് അനുവദിക്കുന്ന വിഷയം സർക്കാരിന്റെ സത്വരശ്രദ്ധയിൽപ്പെടുത്തി ഭേദഗതി ഉത്തരവുകളിലൂടെ അധികബാധ്യതയിൽ നിന്ന് ഒഴിവാകുന്നതിനു നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-16 വികലമായ വികസനപരിപ്രേക്ഷ്യം - പ്രഖ്യാപിത ലക്ഷ്യങ്ങൾ വിദൂരതയിൽ

ജനങ്ങൾ തങ്ങൾക്കാവശ്യമായ പദ്ധതികൾ സ്വയം ആസൂത്രണം ചെയ്ത് നടപ്പാക്കി സമഗ്രമായ വികസനം കൈവരിക്കുക എന്ന ഉദാത്ത ലക്ഷ്യം മുൻനിർത്തിയാണ് അധികാരവികേന്ദ്രീകരണം ഭരണഘടനാഭേദഗതിയിലൂടെ സാധ്യമാക്കിയത്. എന്നാൽ യഥാർത്ഥ ലക്ഷ്യം തമസ്കരിക്കുന്ന രീതിയിലുള്ള പദ്ധതി പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ പദ്ധതിയുടെ രജത ജൂബിലി ആഘോഷിക്കുന്ന ഈ

അവസരത്തിൽപോലും നടന്നു വരുന്നത്. മൂന്നു ദിക്കുകളും മലകളാൽ ചുറ്റപ്പെട്ട, വികസന കാര്യത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന ഭൂപ്രദേശമാണ് വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത്. ആകെയുള്ള 15 വാർഡുകളിൽ 6 എണ്ണത്തിലെയും ജനസംഖ്യയിൽ ഭൂരിപക്ഷവും പട്ടികവർഗ ജനവിഭാഗവും. ഇവർ താമസിക്കുന്ന പ്രദേശങ്ങൾ പലതും ഗതാഗത സൗകര്യങ്ങൾ പരിമിതമായിപ്പോലും ഇല്ലാത്തവയാണ്. അടിസ്ഥാനസൗകര്യവികസനത്തിന്റെ അളവുകോലായി കണക്കാക്കുന്നത് ഗതാഗതയോഗ്യമായ റോഡുകളുടെ നിർമാണമാണ്. റോഡുകളുടെ ഉടമസ്ഥത, ദൈർഘ്യം, അവസ്ഥ, തുടങ്ങിയവ ഭൗതിക സാഹചര്യങ്ങൾ സമഗ്രമായി വിലയിരുത്തി റോഡ് കണക്ടിവിറ്റി മാപ്പ് വാർഷിക പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ സമഗ്രമായ വികസനം സാധ്യമാകുന്ന രീതിയിൽ വിശാലമായ കാഴ്ചപ്പാടിലൂടെയല്ല വാർഷിക പദ്ധതികൾ ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വീതം വെയ്പ്പ്, സങ്കുചിതമായ വ്യക്തി താത്പര്യങ്ങൾ, വകയിരുത്തുന്ന ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാതെ പാഴാക്കൽ തുടങ്ങിയ കാരണങ്ങളാൽ യഥാർത്ഥ വികസന ലക്ഷ്യം തമസ്കരിക്കപ്പെടുന്നു. പദ്ധതി പരാജയം സംബന്ധിച്ച വിശദമായ കുറിപ്പുകൾ ചുവടെ ചേർക്കുന്നു.

എ) ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായി നടപ്പാക്കുന്നില്ല

ഓരോ വാർഷിക പദ്ധതിയിലും നൂറിലധികം റോഡ് നിർമാണ പ്രവൃത്തികളാണ് ഏറ്റെടുക്കുന്നത്. എന്നാൽ അവയിൽ ഭൂരിപക്ഷവും വിവിധ കാരണങ്ങളാൽ നടപ്പാക്കാതെ ഉപേക്ഷിക്കുകയോ തുടർന്നുള്ള വർഷത്തേക്ക് മാറ്റിവെയ്ക്കുകയോ ചെയ്യുന്നതാണ് പതിവായി കാണുന്ന പ്രവണത. കമ്പോളത്തിലെ വിലക്കയറ്റം. തൊഴിലാളികളുടെ കൂലി വർദ്ധനവ് , നികുതി വ്യതിയാനം തുടങ്ങിയ കാരണങ്ങളാൽ സമയം തെറ്റിയുള്ള നിർവഹണം പദ്ധതികളുടെ കാര്യക്ഷമതയെയും ഗുണമേന്മയെയും ദോഷകരമായി ബാധിക്കുമെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ഓഡിറ്റ് വർഷങ്ങളിൽ ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അസി. എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|
| 2019-20 | 114 | 55 | 48 |
| 2020-21 | 154 | 115 | 74 |

ബി) വകയിരുത്തിയ ഫണ്ടുകൾ വിനിയോഗിച്ചില്ല.

ജനസംഖ്യയിൽ ഭൂരിപക്ഷം പട്ടികവർഗവിഭാഗമാണെങ്കിലും പട്ടികവർഗ ഉപപദ്ധതി (TSP) പ്രകാരം അനുവദിക്കപ്പെടുന്നതുൾപ്പെടെ ഓരോ വർഷവും ലഭ്യമാകുന്ന സർക്കാർ ഗ്രാന്റുകളുടെ പകുതി പോലും വിനിയോഗിക്കാതെയാണ് ഓരോ വാർഷിക പദ്ധതിയും കടന്നു പോകുന്നത്. തൻമൂലം തുടർന്നു വരുന്ന വർഷത്തെ അലോട്ട്മെന്റിൽ നിന്ന് പ്രസ്തുത പ്രോജക്ടുകൾക്ക് തുക കണ്ടെത്തേണ്ടി വരുന്നു. ഇത്തരത്തിൽ സ്പിൽ ഓവർ പദ്ധതികൾക്ക് തുക വകയിരുത്തേണ്ടി വരുന്നത് തൻവർഷം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലം യഥാസമയം ബില്ലുകൾ പിൻവലിക്കാൻ കഴിയാതെ വരുന്നതും വിഷയം സങ്കീർണമാക്കുന്നു. ഓഡിറ്റ് വർഷങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

പശ്ചാത്തലമേഖലയിലെ ഫണ്ട് വിനിയോഗം

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2019-20 | 27218510 | 11167849 | 41.03 |
| 2020-21 | 35162469 | 22701981 | 64.56 |

പട്ടികവർഗ ഉപപദ്ധതി ഫണ്ട് വിനിയോഗം

| സാമ്പത്തിക വർഷം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2019-20 | 4866499 | 2223470 | 45.68 |
| 2020-21 | 6638045 | 3483243 | 52.47 |

സി) തുച്ഛമായ ദൈർഘ്യമുള്ള റോഡ് നിർമാണ പ്രോജക്ടുകൾ

ഗ്രാമപഞ്ചായത്ത് ഒരു യൂണിറ്റായി കണ്ട് വികസനപദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്ത്വം പാലിക്കാതെ വാർഡടിസ്ഥാനത്തിലുള്ള സങ്കുചിത വ്യക്തിതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ആകെ ദൈർഘ്യം 4മുതൽ 8 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 25 മുതൽ 47 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷികപദ്ധതികൾ ആവിഷ്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമാണം ആരംഭിച്ച് പാതിയെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യവും സുലഭമാണ്. 2016-ലെ DSR അടിസ്ഥാനമാക്കി വിലസൂചികയിലെ

( Cost Index ) തുക കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാൽ നിർമാണപ്രവൃത്തികളുടെ ചെലവ് വളരെയധികം വർധിച്ചിട്ടുണ്ട്. ഇതിനുപുറമെ 2019-20 മുതൽ GST നഷ്ടപരിഹാരമായി 12% തുക കൂടി കരാറുകാരന് നൽകേണ്ടി വരുന്നതും ചെലവുഭാരം വർദ്ധിപ്പിക്കുന്നു. ഓഡിറ്റ് വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പാക്കിയ റോഡ് നിർമാണപ്രവൃത്തികളുടെ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

2019-20

| ഇനം | എണ്ണം |
|---|---|
| 50 മീറ്ററിനു മുകളിൽ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | ഇല്ല |
| 45 – 50 മീറ്റർ വരെ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | 05 |
| 25 – 44 മീറ്റർ വരെ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | 36 |

2020-21

| ഇനം | എണ്ണം |
|---|---|
| 50 മീറ്ററിനു മുകളിൽ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | ഇല്ല |
| 45 – 50 മീറ്റർ വരെ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | 04 |
| 25 – 44 മീറ്റർ വരെ ദൈർഘ്യമുള്ള റോഡ് നിർമാണപ്രവൃത്തികൾ | 62 |

പ്രോജക്ടുകളുടെ നിർവഹണം ഇതേ വേഗത്തിലാണ് മുന്നോട്ടുപോകുന്നതെങ്കിൽ കണക്ടിവിറ്റി മാപ്പിൽ ക്രോഡീകരിച്ചിട്ടുള്ള റോഡുകളുടെ നിർമാണം പൂർത്തീകരിക്കാൻ പതിറ്റാണ്ടുകൾ കഴിഞ്ഞാലും ഗ്രാമപഞ്ചായത്തിന് കഴിയില്ലായെന്നത് തർക്കത്തിനിട നൽകാത്ത വസ്തുതയാണ്. ഇത്തരത്തിലുള്ള വികലമായ പ്രോജക്ട് ആസൂത്രണം യഥാർത്ഥ ലക്ഷ്യങ്ങൾ തമസ്കരിക്കപ്പെടാനും സ്ഥായിയായ വികസന ലക്ഷ്യം മരീചികയായി അവശേഷിക്കാനുമാണ് ഉപകരിക്കുക. നാമമാത്രമാത്രമായ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ജീവനക്കാർക്ക് ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നുവെന്നതും പ്രത്യേകം കാണേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പുകളും മറ്റു സങ്കുചിത താത്പര്യങ്ങളും മാറ്റിനിർത്തി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചും, അടങ്കൽ തുക വർദ്ധിപ്പിച്ചും പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-17 പൊതു ടാപ്പുകളുടെ വെള്ളക്കരം സംബന്ധിച്ച്**

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം ₹ 80500/- ആണ് കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരമായി ഒടുക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 184 പൊതുടാപ്പുകൾക്കാണ് വെള്ളക്കരം ഒടുക്കുന്നത്. 23.06.2006 ലെ സർക്കാർ ഉത്തരവ് (സാധാ)1501/2006/തസ്വഭവ, 28.09.2011ലെ സർക്കാർ ഉത്തരവ് (സാധാ) 2242/തസ്വഭവ എന്നിവ പ്രകാരം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ,പ്രവർത്തിക്കുന്ന പൊതുടാപ്പുകൾക്ക് മാത്രം വെള്ളക്കരം ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സർക്കാർ നിർദേശം പാലിച്ച് പൊതുടാപ്പുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ.ഉ.(സാധാ) നം. 6105/2019/ധന തി. 01.08.2019, സ.ഉ.(സാധാ)നം. 10050/2019/ധന.തി.21.12.2019 എന്നീ ഉത്തരവുകളിലും സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്.

**1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തത മൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹419506/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

**1-19 അസി.എൻജിനിയറുടെ പ്രോജക്ട് ഫയൽ സൂക്ഷിപ്പ് അഭിനന്ദനാർഹം**

അസി. എൻജിയർ നിർവഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് വർഷങ്ങളിൽ ആകെ 170 പ്രോജക്ടുകളാണ് ( 2019-20 = 55, 2020-21 = 115) നടപ്പാക്കിയത്. പദ്ധതി നടത്തിപ്പിന്റെ അനുബന്ധ രേഖകളായ ടെൻഡർ രജിസ്റ്റർ, കരാർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ, അളവു പുസ്തക വിതരണ രജിസ്റ്റർ തുടങ്ങിയവ ആവശ്യമായ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തലുകളും സഹിതം സൂക്ഷിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലുകളും സമഗ്രമാണ്. ഓരോ ഫയലിന്റെയും പുറംചട്ടയിൽ ഗ്രാമപഞ്ചായത്തിന്റെ പേര്, വാർഷിക പദ്ധതി വർഷം, പ്രോജക്ടിന്റെ നമ്പർ, പേര്, അടങ്കൽ, ഫണ്ടിനം, കരാറുകാരന്റെ പേര്, ടെൻഡർ വ്യതിയാനം, കരാർ നമ്പർ എന്നിവ പ്രിന്റെടുത്ത് ഒട്ടിച്ച ചേർത്തിട്ടുള്ളതിനാൽ സംക്ഷിപ്ത വിവരങ്ങൾ അതിൽ നിന്നുതന്നെ ഗ്രഹിക്കാവുന്നതാണ്. ഫയലിന്റെ ആമുഖത്തിൽ ഉള്ളടക്ക സൂചിക ഉൾപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ ഓരോ രേഖയും - പ്രോജക്ട്, എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, സാങ്കേതികാനുമതിപത്രം, ടെൻഡർ പരസ്യം, ടെൻഡറുകൾ, നിക്ഷേപ വിവരങ്ങൾ,

പ്രാഥമിക കരാർ, ടെൻഡർ അംഗീകരിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, സെലക്ഷൻ നോട്ടീസ്, കരാർ, സൈറ്റ് കൈമാറൽ സാക്ഷ്യപത്രം, സൂപ്പർവിഷൻ സാക്ഷ്യപത്രം, അളവുകളുടെ ഉപരിപരിശോധനാ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം, ബില്ലുകൾ, അളവു പുസ്തകം തുടങ്ങിയവ കാലാനുക്രമത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾ, നിയമസഭാ/ പാർലമെന്റ് സാമാജികർ തുടങ്ങിയവരുടെ പ്രോജക്ടുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ - മേൽനോട്ടം - അളവു രേഖപ്പെടുത്തൽ, നിർമാണ പെർമിറ്റ് പരിശോധന, വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകൾക്കുള്ള മൂല്യ നിർണയ സാക്ഷ്യപത്രം നൽകൽ തുടങ്ങി ഒട്ടനവധി ജോലികൾ നിക്ഷിപ്തമായിരിക്കെ ഇത്തരത്തിൽ മാതൃകാപരവും സ്വയം വിശദീകരണക്ഷമവുമായി ഫയലുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ അസി. എൻജിനിയറും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും പുലർത്തിയിട്ടുള്ള ശ്രദ്ധ ശ്ലാഘനീയമാണ്.

## 1-20 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2020-21 സാമ്പത്തിക വർഷം ₹304983/- കേരള സംസ്ഥാന വിദ്യുത്ച്ഛക്തി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/2015 ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ, കേടായ സാധനങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ്, അറ്റകുറ്റപ്പണികൾ നടത്തുന്നതിന് മെയിന്റനൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ പരിപാലിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ചെയർമാനായ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്നും കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് തെരുവ് വിളക്കുകളുടെ പ്രവർത്തനം അവലോകനം ചെയ്യേണ്ടതും ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കുലർ നംപർ 60/2018/ധന.തിയതി 2-7-2018 പ്രകാരം വാറണ്ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലൈറ്റുകളുടെ പരിപാലനത്തിനും അറ്റ കുറ്റപ്പണിക്കും വേണ്ടി വരുന്ന ചെലവ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം വഹിക്കേണ്ടതും ആയതിനായി അക്രഡിറ്റഡ് ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 07.07.2010-ലെ 43472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ സംബന്ധിച്ച കൃത്യമായ വിവരം സൂക്ഷിച്ചിട്ടില്ല. കൂടാതെ, സർക്കാർ നിർദേശങ്ങൾ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് തെരുവുവിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള തെരുവുവിളക്കുകളുടെ എണ്ണം, അവയിൽ പ്രവർത്തിക്കാത്തവ എന്നിവ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തി വൈദ്യുതി ബോർഡ് വിവരം ശേഖരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011ലെ 3055/ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങളും പാലിക്കേണ്ടതാണ്.

## 1-21 ദുരിതാശ്വാസ നിധി-ലക്ഷ്യം നിറവേറ്റുന്നില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി. എന്നാൽ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി 2003 ൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന്19.12.2019 ൽ കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെയും നടപടി എടുത്തിട്ടില്ല. തൻ വർഷം മുന്നിരിപ്പ് ഉൾപ്പെടെ 5889/- രൂപ മാത്രമാണ് വരവ് ഉള്ളത്. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് തുടർനടപടികൾ നടപടി സ്വീകരിക്കേണ്ടതാണ്.

<u>1-22 എച്ച്. എം.സി. വാർഷികകണക്കുകൾ സമർപ്പിക്കുന്നില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(Xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

<u>1-23 പ്രൊക്യുർമെന്റ് കമ്മിറ്റി</u>

സർക്കാർ ഉത്തരവ് ജി (ഒ പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം

സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കുവാൻ മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തൻ വർഷം തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തടസ്സം ₹100,000/-

| പദ്ധതി നം. &പദ്ധതി | ബിൽ നം. തീയതി | തുക ₹ | തുക അടവാക്കിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തടസ്സ കാരണം |
|---|---|---|---|---|---|
| 190/2021 എസ്.എസ്.എ വിഹിതം (ടി.എസ്.പി) | 02/2020-21 തീ. 20.04.2020 | 100000 | ജില്ലാ പ്രോജക്ട് ഓഫീസർ | ഹെഡ്മാസ്റ്റർ | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |

തുക അടവാക്കിയ സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി, ഓഡിറ്റിന് ഹാജരാക്കി ₹100000/-യുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി അവലോകനം

ഗുണഭോക്തൃ വിശകലനം സ്റ്റേജ് 2

ലൈഫ് പദ്ധതിയിൽ അംഗമായ വിവിധ ഗുണഭോക്താക്കളുടെ വിവരം

| | പൊതു വിഭാഗം | എസ്.സി | എസ്.റ്റി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 44 | 11 | 16 | 71 |
| ബേസ്മെന്റ് | 4 | 1 | - | 5 |
| ലിന്റൽ പൂർത്തിയാക്കിയത് | 1 | - | - | 1 |
| മേൽക്കൂര പൂർത്തിയാക്കിയത് | - | - | - | - |
| പണി പൂർത്തിയാക്കിയത് | 39 | 10 | 16 | 65 |

## 1-26 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ജി.ഒ.(ആർ.റ്റി.) നം.686/2020/എൽ.എസ്.ജി.ഡി.(ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 30.03.2020 ലെ എ4/1671/2020നംപർ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്ത്തല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി 4 ടീമുകളായി

വാർറൂം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് ഭരണസമിതിയുടെ 14/05/2020 ലെ 7(1) നമ്പർ തീരുമാന പ്രകാരം കോവിഡ് ജാഗ്രതാമോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. യൂത്ത് വോളണ്ടിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടില്ല. തൻവർഷം കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രോജക്ട് നം.291/2021 പ്രകാരം 200000 രൂപ തനത് ഫണ്ട് വകയിരുത്തി 49566രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു എഫ്.എൽ.ടി.സി. ആണ് പ്രവർത്തിച്ചിരുന്നത്. എഫ്.എൽ.ടി.സി. യുടെ പ്രവർത്തനത്തിനായി 20 പൾസ് ഓക്സിമീറ്ററുകൾ വാങ്ങുകയും 63664 രൂപ തൻവർഷം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിൽ 3 ജീവനക്കാരെ നിയമിച്ച് ഒരു കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചു. ഈയിനത്തിൽ 19332 രൂപ ചെലവഴിച്ചിട്ടുണ്ട്. പാത്രങ്ങളോ മറ്റ് ഉപകരണങ്ങളോ വാങ്ങിയിട്ടില്ല. ഗുരുതര രോഗബാധിതർക്ക് മരുന്നു വാങ്ങുന്നതിന് പ്രത്യേക പ്രോജക്ടുകൾ രൂപീകരിച്ചില്ല. സുഭിക്ഷ കേരളം വാർഷികപദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് (2019-2020) | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 149242 | 2020-2021 | 0 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 149242 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1515010 | 2020-2021 | 0 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 800000 | 715010 |
| ബ്ലോക്ക് പഞ്ചായത്ത് | 399618 | 2020-2021 | 0 | ലൈഫ് ഭവന പദ്ധതി ജനറൽ | 399618 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 600000 | 2020-2021 | 100000 | ലൈഫ് ഭവന പദ്ധതി ജനറൽ | 700000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 10788 | 2020-2021 | 30000 | മരുന്ന് വാങ്ങൽ പദ്ധതി | 30000 | 10788 |
| ജില്ലാ പഞ്ചായത്ത് | 26286 | 675708 | 0 | ലൈഫ് ഭവന പദ്ധതി ജനറൽ | 26286 | 675708 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | പൂച്ചപ്ര പി.എച്ച്.സി സബ്സെന്ററിൽ കുഴൽ കിണർ നിർമ്മാണം | 25611/02.02.20201 | 55000 | 55000 | 0 |
| ഭൂജലവകുപ്പ് | ഉവക്കണ്ടം പി.എച്ച്.സി സബ്സെന്ററിൻ കുഴൽ കിണർ നിർമ്മാണം | 25613/02/02/2021 | 49700 | 49700 | 0 |
| ഭൂജലവകുപ്പ് | കുരുതിക്കളം ഉുരൻകല്ല് ഭാഗത്ത് കുഴൽ കിണർ നിർമ്മാണം | 53490/20.08.2020 | 47780 | 47780 | 0 |
| ഭൂജലവകുപ്പ് | കരിപ്പലങ്ങാട് ഗവ.ട്രൈബൽ യു.പി സ്കൂളിന് കുഴൽ കിണർ നിർമ്മാണം | 53483/20.08.2020 | 50820 | 50820 | 0 |
| ഭൂജലവകുപ്പ് | വെട്ടിമറ്റം തേൻമാരി കുഴൽ കിണർ നിർമ്മാണം | 29906/11.04.2020 | 97900 | 97900 | 0 |
| ഭൂജലവകുപ്പ് | കൊന്താലപള്ളി അംഗൻവാടിക്ക് കുഴൽ കിണർ നിർമ്മാണത്തിനുള്ള ബാക്കി തുക | 53480/20.08.2020 | 2400 | 2400 | 0 |
| കെ.എസ്.ഇ.ബി | ജലജീവൻ മിഷൻ | 439191/30.03.20201 | 1014766 | 1014766 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹1100000/- വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാനുള്ള തുക |
| ജവഹർ ഭവന പദ്ധതി | ജി.ഒ (എം.എസ്) 1575/15 Dtd.27.05.2015 | 0 | 12207865 | 1640721 | | 10567144 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. (എം.എസ്) നം. 68/2018/ തസ്വഭവ/ തി.18.08.2018 | 1100000 | 7830930 | 1201333 | 0 | 7729597 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 470/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-2018 | 3-3 | 470 | മോഹൻ ദാസ്, മെമ്പർ | 120010101255/18.11.2020 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 19 | 1999- | | അലോട്ട്മെന്റ് തുക നഷ്ടപ്പെടുത്തി | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | | 2000 | | | |
| 1997-98 | 28 | 1999-2000 | | സാധന സാമഗ്രികളുടെ വില അധികം നൽകി | തീർപ്പായിട്ടില്ല |
| 1998-99 | 3-24 | 2000-01 | | അനുവദനീയമല്ലാത്ത ഹിൽടാക്ക് അലവൻസ് നൽകിയത് | തീർപ്പായിട്ടില്ല |
| 1999-2000 | 3-29 | 2001-02 | | മണൽവാരൽ അവകാശം ലേല തുകയിൽ ഇളവ് നൽകിയത് ക്രമവിരുദ്ധം | തീർപ്പായിട്ടില്ല |
| 2004-05 | 3-7 | 2006-07 | 3, 35(2) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തീർപ്പായിട്ടില്ല |
| 2004-05 | 3-3 | 2006-07 | 3, 35(2) | വിവിധ കാരണങ്ങളാൽ ചെലവ് തടസ്സം | തീർപ്പായിട്ടില്ല |
| 2005-06 | 2-3 | 2009-10 | 2-6 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ വാടകയ്ക്ക് എടുക്കുന്നവരുമായി കരാർ ചമയ്ക്കാത്തത് (വെള്ളിയാമറ്റം പഞ്ചായത്ത് വക കടമുറികൾ) | തീർപ്പായിട്ടില്ല |
| 2006-07 | 3-8 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം (കെ.എസ്ഇ.ബി. ₹5,67,425/-) | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(8) | 2004-05ൽ ₹2,03,922/- ചെലവഴിച്ച് വിവിധ സ്ഥാപനങ്ങളിലായി സ്ഥാപിച്ച മഴവെള്ള സംഭരണികൾ പ്രവർത്തനക്ഷമമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക | | 2013-14 | 5.1.5(11) | 1. ഇറുക്കുപാലം കുടിവെള്ള | തീർപ്പായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | | | പദ്ധതിയുടെ മോട്ടോർ പ്രവർത്തിക്കുന്നില്ല. കടുവാക്കയം കുടിവെള്ള പദ്ധതി ജലലഭ്യത കുറവായതിനാൽ 2001-02 മുതൽ പ്രവർത്തിക്കുന്നില്ല. 2001-02 ൽ പൂർത്തികരിച്ച കൈക്കമല പദ്ധതി പ്രവർത്തനരഹിതമാണ്<br>2. ക്ലവക്കണ്ടം-അറുത്തടി പാലം കുടിവെള്ള പദ്ധതിയും ഓഞ്ഞുപാറ – ഊഞ്ഞാൽപടി പദ്ധതിയും പൂർത്തിയായിട്ടില്ല<br>3. മുത്തേട്-പതിക്കമല കുടിവെള്ള കിണർപൂർത്തിയായിട്ടില്ല | |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(2) | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല | തീർപ്പായിട്ടില്ല |
| പ്രത്യേക റിപ്പോർട്ട് പ്രവർത്തന ക്ഷമത റിപ്പോർട്ടുകൾ | | 2013-14 | 5.1.5(13) | കുടിവെള്ള പദ്ധതികളുടെ ചുമതല കരാർ ചമച്ച് കമ്മറ്റികൾക്ക് കൈമാറിയിട്ടില്ല | തീർപ്പായിട്ടില്ല |
| വിഷയാധിഷ്ഠിത അവലോകനം | | 2017-18 | | ഡെപ്പോസിറ്റ് പ്രവൃത്തികൾ അനുബന്ധം – 5 | നിർവ്വഹണ ഏജൻസിയായ KSEBയുമായി കരാർ ചമച്ചിട്ടില്ല |

<u>4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം</u>

എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

-ഇല്ല –

ബി) സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം കാണിക്കുന്ന പത്രിക

| വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക ₹ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | (രസീത് നം./ തീയതി) | തുക ₹ | | | | | | | |
| 2004-05 | 3-6 | ശ്രീ. ബിജു പി. മാത്യൂ, കൃഷി ഓഫീസർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 19536 | ₹19536/- രസീത് നം. 5/51083/ 03.06.10 | | | | | 19536 | 0 |
| 2004-05 | 3-6 | ശ്രീ. റോയി ഐസക്, അസി. എഞ്ചിനീയർ | LF-14229/ Spl.Cell. Sc2/ 2007 Dated 28.03.2009 | 5964 | രസീത് നം. 5/51083 / 3.6.2010 ₹5964/- | | | | | 5964 | 0 |
| 2008-09 | 3-4 | ശ്രീ. സജി തോമസ്, സെക്രട്ടറി | LF.23458/12 Dated 06.08.2014 | 24080 | | | | | | 24080 | |
| 2009-10 | 3-6 (1,2,3)(P) | ശ്രീ. കെ. രാമചന്ദ്രൻ നായർ, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 53243 | | | | | | 53243 | |
| 2009-10 | 3-6(3) P | ശ്രീ. റോയി ഐസക്ക്, എഞ്ചിനീയർ | LF.22684/14 Dated 05.04.2014 | 13361 | | | | | | 13361 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 8023096 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 89015138 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 100000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 100000 | ശ്രീ.സജി കെ.എസ്, ഹെഡ്മാസ്റ്റർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സജി കെ.എസ്, ഹെഡ്മാസ്റ്റർ | ലഭ്യമല്ല | സജി ഭവൻ, മൂലമറ്റം പി.ഒ, ഇടുക്കി ജില്ല |

<u>4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| | | | |
|---|---|---|---|
| 1994-05&1995-96 | എൽ.എഫ്.ഐ.7-758/00/ 13.03.2001 | 14 | 13,14,15,16,17,18,19,20,21,22,23,24,25,26 |
| 1996-97 | എൽ.എഫ്.ഐ.7-159/99/17.08.1999 | 8 | 32,34,36,37,38,39(2),39(3),39(4) |
| | | | |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ.7-113/01/05.02.2001 | 2 | 19, 28 |
| 1998-99 | എൽ.എഫ്.ഐ.7-302/00/ 10.06.2002 | 14 | 20(1), 20(2), 2(എ), 2(ബി), 2(സി), 22, 23, 24, 25, 26, 27, 28, 29, 30 |
| 1999-00 | എൽ.എഫ്.ഐ.7-130/01/ 08.10.2007 | 13 | 23,24,25,26,27,28,29,30,31,32,33,34,35 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/ 08/06.06.2018 | 1 | 36 |
| 2004-05 | കെ.എസ്.എ.-ഐ.ഡി.കെ.-10/746/ 08/06.06.2018 | 2 | 3-3, 3-7 |
| 2005-06 | കെ.എസ്.എ.ഐ.ഡി.കെ-10/746/ 2018/06.06.2018 | 1 | 2-3 |
| 2006-07 | എൽ.എഫ്.ഐ.8-792/09/ 15.03.2010 | 13 | 2-1,2-2,2-3,2-4,3-1,3-2, 3-3,3-4,3-5, 3-6,3-7, 3-8,3-9,3-10,3-11, 3-123-13,3-14, 3-15 |
| 2007-08 | എൽ.എഫ്.ഐ.8-824/10/ 19.02.2010 | 19 | 2-1, 2-2, 3-1,3-2,3-3,3-4, 3-5,3-6, 3-7,3-8,3-9,3-10,3-11,3-12,3-13,3-14, 3-15 |
| 2008-09 | എൽ.എഫ്.ഐ.10-411(എ)/19.10.2011 | 12 | 2-1, 3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10 |
| 2009-10 | എൽ.എഫ്.ഐ.10-411(ബി) 25.10.2011 | 19 | 2-1, 2-2, 3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11,3-12,3-13, 3-14, 3-15,3-16, 3-17 |
| 2010-11 | എൽ.എഫ്.ഐ.10-624/13/26.08.2013/16.12.2013 | 16 | 2-1, 2-2, 2-3,3-1, 3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10,3-11,3-12, 3-13 |
| 2011-12 | എൽ.എഫ്.ഐ.10-56/14/30.04.2014/10.06.2014 | 11 | 2-1,3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10 |
| 2012-13 | എൽ.എഫ്.ഐ.10-40/15/05.02.2015/09.04.2015 | 15 | 2-1,3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10, 3-11,3-12,3-13, 3-14 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/1257/ 2015/06.11.2015 | 9 | 2-1, 2-2,3-1,3-2,3-3,3-4,3-5,3-6,3-7 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.10/583/ 2016/01.06.2015 | 10 | 2-1, 2-2,3-1,3-2,3-3,3-4,3-5,3-6,3-7,3-8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.10/67/ 2017/18.01.2017 | 14 | 2-2, 3-1,3-2,3-3,3-4,3-5,3-6,3-7,3-8,3- |

| | | | |
|---|---|---|---|
| | | | 9,3-10,<br>3-11,3-12,3-13 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.10/1434/<br>2017/03.11.2017 | 16 | 2-1, 2-2, 2-4, 2-6 3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,3-10,<br>3-11,3-12 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ.10/1252/2018/12.11.2018 | 20 | 2-2, 2-3,2-4,2-5 3-1,3-2,3-3,3-4, 3-5,3-6,3-7, 3-8,3-9,3-10,3-11, 3-12,3-14,3-15,3-16,3-17 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ.10/938/19/11.12.2019 | 05 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-18, 1-19, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-31, 1-32, 1-33, 1-34, 1-35, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വെള്ളിയാമറ്റം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്